നം.എക്സ് /സി.ജി.എൽ1/39200/2019/സി.ജി.ഇ.

പരീക്ഷാ കമ്മീഷണറുടെ കാര്യാലയം,
പരീക്ഷാഭവൻ, പൂജപ്പുര,
തിരുവനന്തപുരം-12
തീയതി : 23/01/2020

## സർക്കുലർ

വിഷയം : 2020 മാർച്ച് എസ്.എസ്.എൽ.സി പരീക്ഷാ രജിസ്ട്രേഷൻ - അനുബന്ധപ്രവർത്തനങ്ങൾ-പ്രഥമാധ്യാപകർക്കുള്ള നിർദേശങ്ങൾ

സൂചന : 31.10.2019 ലെ സി.ജി.എൽ1/39200/2019 നമ്പർ പരീക്ഷാ വിജ്ഞാപനം

********

**2020 മാർച്ച്** എസ്.എസ്.എൽ.സി.പരീക്ഷ എഴുതുന്ന എല്ലാ റെഗുലർ, പ്രൈവറ്റ് വിദ്യാർത്ഥികളുടെയും രജിസ്ട്രേഷൻ പൂർത്തീകരിച്ച് കൺഫർമേഷനും ഇ-സബ്മിഷനും നിർവഹിച്ചതിന്റെ അടിസ്ഥാനത്തിൽ സ്കൂൾ അധികൃതരുടെ അവസാനഘട്ട പരിശോധനയ്ക്കായി പ്രൊവിഷണൽ A ലിസ്റ്റ് 2020 ജനുവരി 24 ന് പ്രസിദ്ധീകരിക്കുന്നതാണ്. പ്രസ്തുത ലിസ്റ്റ് ക്ലാസ് ചാർജുള്ള അദ്ധ്യാപകരുടെ ഉത്തരവാദിത്തതിൽ സൂക്ഷ്മ പരിശോധന നടത്തുന്നതിനുള്ള സത്വര നടപടികൾ പ്രഥമാദ്ധ്യാപകർ സ്വീകരിക്കേണ്ടതാണ്. പ്രസ്തുത ലിസ്റ്റിന്റെ പ്രിന്റൗട്ട് സ്കൂൾ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിച്ച് വിദ്യാർത്ഥികളെക്കൊണ്ടും പരിശോധിച്ച് തെറ്റുകൾ എന്തെങ്കിലും ഉണ്ടെങ്കിൽ റിപ്പോർട്ട് ചെയ്യുന്നതിനുള്ള നിർദ്ദേശവും ക്ലാസ് ചാർജുള്ള അദ്ധ്യാപകർ മുഖേന വിദ്യാർത്ഥികൾക്ക് നൽകേണ്ടതാണ്.

**അന്തിമ A ലിസ്റ്റ് പ്രസിദ്ധീകരിച്ചതിനുശേഷം യാതൊരുവിധ തിരുത്തലുകൾക്കും അവസരമുണ്ടാകുന്നതല്ല.** ആയതിനാൽ പ്രൊവിഷണൽ A ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനോടൊപ്പം https://sslcexam.kerala.gov.in എന്ന വെബ്സൈറ്റിൽ Candidate Data Part Certificate View രക്ഷിതാക്കളുടെയും വിദ്യാർത്ഥികളുടെയും പരിശോധനയ്ക്കായി ലഭ്യമാക്കുന്നതാണ്. 2020 മാർച്ച് എസ്.എസ്.എൽ.സി പരീക്ഷ എഴുതുന്ന വിദ്യാർത്ഥികൾക്ക് അനുവദിക്കുന്ന സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തുന്ന വിദ്യാർത്ഥി വിവരങ്ങൾ അതേപടി കാണുന്നതിനുള്ള സൗകര്യമാണ് ഇതിലൂടെ ലഭ്യമാകുന്നത്. വിദ്യാഭ്യാസ ജില്ല, സ്കൂൾ, അഡ്മിഷൻ നമ്പർ, ജനന തീയതി എന്നിവ നൽകി സർട്ടിഫിക്കറ്റിലെ വിവരങ്ങൾ പരിശോധിക്കാവുന്നതാണ്. പ്രസ്തുത ലിങ്കിലൂടെ സർട്ടിഫിക്കറ്റിൽ വരുന്ന വിവരങ്ങളുടെ പ്രിന്റൗട്ട് എല്ലാ വിദ്യാർത്ഥികൾക്കും എടുത്തു നൽകി ഒരിക്കൽ കൂടി രക്ഷിതാക്കളുടെ പരിശോധന ഉറപ്പാക്കുന്നതിനുള്ള ക്രമീകരണം പ്രഥമാദ്ധ്യാപകർ നിർബന്ധമായും ചെയ്യേണ്ടതാണ്.

മേൽ പരാമർശ വെബ്സൈറ്റിലൂടെ (https://sslcexam.kerala.gov.in) Candidate Data Part Certificate View രക്ഷിതാക്കൾക്കും വിദ്യാർത്ഥികൾക്കും സർട്ടിഫിക്കറ്റിൽ ഉൾപ്പെടുത്തുന്ന വിദ്യാർത്ഥി വിവരങ്ങൾ പരിശോധിക്കാൻ അവസരം ഉണ്ടായിരിക്കും. തെറ്റുകൾ കണ്ടെത്തുന്ന പക്ഷം സ്കൂൾ പ്രധാനാദ്ധ്യാപകരെ അറിയിച്ച് തിരുത്താവുന്നതാണ്.

ഈ അവസരത്തിൽ കണ്ടെത്തുന്ന തെറ്റുകൾ HM ലോഗിനിലെ Candidate Update എന്ന ലിങ്കിലൂടെ തിരുത്താവുന്നതാണ്.

പരീക്ഷാ ഭവനിൽ നിന്നും സ്കൂളുകളിൽ വിതരണം ചെയ്യുന്ന Exam Materials (Main Sheet. Addl.Sheet, C.V.Cover) ന്റെ കണക്ക് ലഭിക്കുന്ന മുറയ്ക്ക് HM ലോഗിനിലെ Answer Script Received എന്ന മെനുവിലൂടെ ഓൺലൈനായി സമർപ്പിക്കേണ്ടതാണ്.

എസ്.എസ്.എൽ.സി പരിക്ഷാ കേന്ദ്രങ്ങളായിട്ടുള്ള സ്കൂളുകളിൽ പരീക്ഷയ്ക്ക് ലഭ്യമായിട്ടുള്ള ക്ലാസ്സ് മുറികളുടെ എണ്ണവും ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി വിഭാഗങ്ങളെ സംബന്ധിച്ച വിവരവും (സ്കൂൾ കോഡ്, പ്രസ്തുത വിഭാഗത്തിലെ ക്ലാസ്സ് മുറികളുടെ എണ്ണവും) അതത് പ്രിൻസിപ്പാൾമാരിൽ നിന്നും ശേഖരിച്ച് കൃത്യതയോടെ HM ലോഗിനിലെ Class Rooms and Other Section Details എന്ന ലിങ്കിലൂടെ **2020 ജനുവരി 30 ന് വൈകിട്ട് 5 മണിക്ക്** മുൻപായി രേഖപ്പെടുത്തേണ്ടതാണ്.

## പരീക്ഷ സോഫ്റ്റ് വെയർ ഓൺലൈൻ പ്രവർത്തനങ്ങളുടെ പുതുക്കിയ സമയക്രമം

| | | | |
|---|---|---|---|
| 1 | Provisional A List Publication | : | 24.01.2020 |
| 2 | Candidate Data Part Certificate View Publication | : | 24.01.2020 |
| 3 | Online Candidate correction by HM | : | From 24.01.2020 to 30.01.2020 |
| 4 | A list/B list Publication | : | 01.02.2020 |
| 5 | Question Paper Statement Verification | : | 03.02.2020 to 04.02.2020 |
| 6 | Cancellation Entry | : | 03.02.2020 to 14.02.2020 |
| 7 | C.E. Mark Entry | : | 03.02.2020 to 10.02.2020 |
| 8 | C.E. Check list publication | : | 11.02.2020 |
| 9 | Grace Mark Entry | : | 07.02.2020 to 15.02.2020 |
| 10 | Hall Ticket Download | : | From 19.02.2020 |

**പൊതു വിദ്യാഭ്യാസ ഡയറക്ടർ & പരീക്ഷാ കമ്മീഷണർ**

സ്വീകർത്താവ്

1. സെക്രട്ടറി, ഹയർ സെക്കന്ററി,പരീക്ഷാ വിഭാഗം.
2. സെക്രട്ടറി, വൊക്കേഷണൽ ഹയർ സെക്കന്ററി, പരീക്ഷാ വിഭാഗം.
3. ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ
4. എല്ലാ ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പാൾമാർക്കും (സെക്രട്ടറി, ഹയർ സെക്കന്ററി, പരീക്ഷാ വിഭാഗം മുഖേന)
5. എല്ലാ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പാൾമാർക്കും (സെക്രട്ടറി, വൊക്കേഷണൽ ഹയർ സെക്കന്ററി, പരീക്ഷാ വിഭാഗം മുഖേന)
6. എല്ലാ ഹൈസ്കൂൾ പ്രഥമാദ്ധ്യാപകർക്കും (ജില്ലാ വിദ്യാഭ്യാസ ഓഫീസർ മുഖേന)